CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM
CATHOLIC METROPOLITAN'S HOUSE
P.B. No. 71, KOTTAYAM - 686 001, KERALA, INDIA.
Web www.cefakottayam.webnode.com E-mail: cefak2011@gmail.com

10-3-2025

പ്രിയ ബഹു. അച്ചാ,

ഈശോ മിശിഹായ്ക്കു സ്തുതിയുണ്ടായിരിക്കട്ടെ !

അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ ഫണ്ടിന്റെ പ്രവർത്തനങ്ങൾ 15-ാം വർഷത്തിലേക്കു കടന്നിരിക്കുകയാണ്. 2014 മുതൽ ഇതിലേക്കായി പെസഹാ വ്യാഴാഴ്ച പ്രത്യേക കാഴ്ചസമർപ്പണം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. കഴിഞ്ഞവർഷം 56 ലക്ഷം രൂപ ഈ ഇനത്തിൽ സമാഹരിക്കാൻ കഴിഞ്ഞു. ഇതിനുവേണ്ടി ബഹു. അച്ചൻ ചെയ്ത പ്രയത്നം നന്ദിയോടെ അനുസ്മരിക്കുന്നു.

നാളിതുവരെ 2458 പേർക്കായി 14 കോടി രൂപ ഈ പദ്ധതിയിലൂടെ ചിലവഴിച്ചിട്ടുണ്ട്. ഈ വർഷം 1,15,48,000/ രൂപ നമുക്ക് കൊടുക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കൾ സ്വദേശത്തും വിദേശത്തുമായി മെച്ചപ്പെട്ട ജീവിതാവസ്ഥയിൽ കഴിയുന്നുവെന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ച പല ഗുണഭോക്താക്കളും തങ്ങൾക്കു ലഭിച്ചതുപോലുള്ള സഹായം മറ്റുള്ളവർക്കും ലഭിക്കണമെന്ന ബോദ്ധ്യത്തോടെ തങ്ങളെക്കൊണ്ടാവുംവിധം തവണകളായെങ്കിലും തിരിച്ചടയ്ക്കാൻ ഉത്സാഹം കാണിക്കുന്നുവെന്നതു ക്നാനായ മക്കളുടെ സമുദായ പ്രതിബദ്ധതയും പരസ്പര സഹായ സന്നദ്ധതയുമാണു വെളിവാക്കുന്നത്. കേന്ദ്ര കമ്മിറ്റിപാസ്സാക്കിയതും ഓഡിറ്റ് ചെയ്തതുമായ കണക്കുകൾ ഓരോ വർഷവും ജനങ്ങളുടെ അറിവിലേക്കായി പള്ളികളിലേക്ക് കൊടുത്തിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടുകൾ അപ്നാദേശിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

അങ്ങയുടെ ഇടവകയിൽ ശതാബ്ദി വിദ്യഭ്യാസ ഫണ്ടിൽനിന്നും സഹായം സ്വീകരിച്ച് പഠനം പൂർത്തിയാക്കിയവരും എന്നാൽ പണം തിരികെ നൽകാൻ തുടങ്ങിയിട്ടില്ലാത്തവരുമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് നേരത്തെ അയച്ചിരുന്നുവല്ലോ. അവരുടെ മാതാപിതാക്കളെ നേരിൽ കണ്ട് സംസാരിച്ച് തിരിച്ചടവ് ത്വരിതപ്പെടുത്തുവാൻ പരിശ്രമിക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

പ്രാർത്ഥനാനിർഭരമായ വലിയനോമ്പും ഈസ്റ്റർ മംഗളവും സ്നേഹപൂർവ്വം നേർന്നു കൊണ്ട്,

✠ **മാർ ജോസഫ് പണ്ടാരശ്ശേരിൽ**
അതിരൂപതാ സഹായമെത്രാൻ &
ചെയർമാൻ, CEFAK കേന്ദ്രകമ്മിറ്റി

CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM
CATHOLIC METROPOLITAN'S HOUSE
P.B. No. 71, KOTTAYAM - 686 001, KERALA, INDIA.
Web www.cefakottayam.webnode.com E-mail: cefak2011@gmail.com

10/03/2025

പ്രിയ ക്നാനായ സഹോദരങ്ങളെ,

ഈശോ മിശിഹായ്ക്കു സ്തുതിയുണ്ടായിരിക്കട്ടെ !

അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ ഫണ്ടിന്റെ പ്രവർത്തനങ്ങൾ 15-ാം വർഷത്തിലേക്കു കടന്നിരിക്കുകയാണ്. കഴിഞ്ഞ വർഷം പെസഹാവ്യാഴ സ്തോത്രക്കാഴ്ചയായി നമുക്കു ലഭിച്ച 56 ലക്ഷം രൂപ ഫണ്ടിലേക്കു കൂട്ടിച്ചേർത്ത് പുതുതായി 175 ഗുണഭോക്താക്കൾക്കു കൂടി ഇതിലൂടെ സഹായമെത്തിക്കാൻ സാധിച്ചതിലുള്ള നന്ദിയും സന്തോഷവും ഈ അവസരത്തിൽ നിങ്ങളെ അറിയിക്കുന്നു.

നാളിതുവരെ 2458 പേർക്കായി 14 കോടി രൂപ ഈ പദ്ധതിയിലൂടെ ചിലവഴിച്ചിട്ടുണ്ട്. ഈ വർഷം 1,15,48,000/ രൂപ നമുക്ക് കൊടുക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കൾ സ്വദേശത്തും വിദേശത്തുമായി മെച്ചപ്പെട്ട ജീവിതാവസ്ഥയിൽ കഴിയുന്നുവെന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ച പല ഗുണഭോക്താക്കളും തങ്ങൾക്കു ലഭിച്ചതുപോലുള്ള സഹായം മറ്റുള്ളവർക്കും ലഭിക്കണമെന്ന ബോദ്ധ്യത്തോടെ തങ്ങളെക്കൊണ്ടാവുംവിധം തവണകളായെങ്കിലും തിരിച്ചടയ്ക്കാൻ ഉത്സാഹം കാണിക്കുന്നുവെന്നതു ക്നാനായ മക്കളുടെ സമുദായ പ്രതിബദ്ധതയും പരസ്പര സഹായ സന്നദ്ധതയുമാണു വെളിവാക്കുന്നത്. കേന്ദ്ര കമ്മിറ്റിപാസ്സാക്കിയതും ഓഡിറ്റ് ചെയ്തതുമായ കണക്കുകൾ ഓരോ വർഷവും ജനങ്ങളുടെ അറിവിലേക്കായി പള്ളികളിലേക്ക് കൊടുത്തിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടുകൾ അപ്നാദേശിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

പെസഹാവ്യാഴം സ്തോത്രക്കാഴ്ചയിലും തിരിച്ചടവിലും വർദ്ധനവുണ്ടായാൽ സഹായധനം കാലാനുസൃതമായി വർദ്ധിപ്പിക്കാനും കൂടുതൽ ആളുകളിലേക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുവാനും നമുക്കു സാധിക്കും. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും ചൈതന്യത്തിൽ 2025 ലെ വലിയനോമ്പിലൂടെ കടന്നുപോകുമ്പോൾ ഈ നിയോഗം മനസ്സിലുണ്ടായിരിക്കട്ടെ. പള്ളിയിൽ നിന്നു നൽകുന്ന പ്രത്യേക കവറിൽ നിങ്ങളുടെ സംഭാവനകൾ നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥനാനിർഭരമായ വലിയനോമ്പും ഈസ്റ്റർ മംഗളവും സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

✠ മാർ ജോസഫ് പണ്ടാരശ്ശേരിൽ
അതിരൂപതാ സഹായമെത്രാൻ &
ചെയർമാൻ, CEFAK കേന്ദ്രകമ്മിറ്റി